"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ഫാം ഇൻഫർമേഷൻ ബ്യൂറോ -യൂട്യൂബ് ചാനൽ തുടങ്ങുന്നതിനും അതിൽ നിന്നുള്ള വരുമാനം വരവ് ശീർഷകത്തിൽ ഒടുക്കാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും അനുമതി നൽകി -ഉത്തരവ് പുറപ്പടുവിക്കുന്നു

---

**കൃഷി ( ഇ ബി )വകുപ്പ്**

സ.ഉ.(സാധാ) നം.925/2024/AGRI തീയതി,തിരുവനന്തപുരം, 03-10-2024

---

പരാമർശം:- 1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 07/10/2023 , 13/06/2024 തീയതികളിലെ ADFW/ 7198/2023-TV1 നമ്പർ കത്തുകൾ

**ഉത്തരവ്**

ഫാം ഇൻഫർമേഷൻ ബ്യൂറോ, യൂട്യൂബ് ചാനലിലൂടെ നൂറുമേനി കാർഷിക പരിപാടികൾ, ഹ്രസ്വ ചിത്രങ്ങൾ, കൃഷി മന്ത്രിയുടെ പരിപാടികൾ എന്നിങ്ങനെ വകുപ്പുമായി ബന്ധപ്പെട്ട പരിപാടികൾ സംപ്രേഷണം ചെയ്യുന്നത് വഴി ലഭിക്കുന്ന വരുമാനം സ്വീകരിക്കുന്നതിനും, വരുമാനം മറ്റു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും അനുമതി നല്കണമെന്ന് അഭ്യർത്ഥിച്ച് കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം(1) പ്രകാരം പ്രൊപോസൽ സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ ഐടി നയത്തിനും ചട്ടങ്ങൾക്കും അനുസൃതമായി ഫാം ഇൻഫർമേഷൻ ബ്യൂറോയ്ക്ക് യൂട്യൂബ് ചാനൽ തുടങ്ങുന്നതിനും അതിൽ നിന്നുള്ള വരുമാനം വരവ് ശീർഷകത്തിൽ ഒടുക്കാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും ചാനലിന്റെ ഉള്ളടക്കം ഉചിതമായ തലത്തിൽ പരിശോധിക്കേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) (എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (ധനകാര്യ (അഗ്രി ബി )വകുപ്പിന്റെ 13/09/2024 തീയതിയിലെ 2687529/Agri-B1/45/2024-Fin നമ്പർ കുറിപ്പ് പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി